# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 20 No. 01 PUBLISHED FROM DELHI PRICE Rs. 3/- JANUARY 2016


## ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച്

## 22-ാമത് ജനറൽ കൺവൻഷൻ അടൂരിൽ



പാസ്റ്റർ എം.സാമുവൽകുട്ടി ന്യൂഡൽഹി



ഇവാ. ജോൺ സാമുവൽ മണക്കാല



പാസ്റ്റർ എബി ഏബ്രഹാം പത്തനാപുരം



പാ.ബോബി.പി.ജോൺ അടൂർ

**അടൂർ**: ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ ഇരുപത്തി രണ്ടാമത് ജനറൽ കൺവൻഷൻ 2016 മാർച്ച് 3 മുതൽ 6 വരെ അടൂർ നെല്ലിമൂട്ടിൽ പടി ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. 3-ാം തീയതി വൈകിട്ട് ആറു മണിക്ക് ആരംഭിക്കുന്ന പൊതുയോഗത്തിൽ വച്ച് ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ബോബി പി. ജോൺ (എഫ്. എഫ്.സി. മാഞ്ഞാലി), സുവിശേഷകൻ ജോൺ സാമുവൽ മണക്കാല, പാസ്റ്റർ എബി ഏബ്രഹാം (പത്തനാപുരം)എന്നിവരാണ് ഈ വർഷത്തെ മുഖ്യ പ്രാസംഗികർ.

എല്ലാ ദിവസവും വൈകിട്ട് 6 മണിമുതൽ 9 മണി വരെ പൊതുയോഗം നടക്കും. കൺവൻഷനോടനുബന്ധിച്ച് സൺഡേ സ്കൂൾ, എഫ്.സി.വൈ.എം., എഫ്.സി.എം.എഫ്., എഫ്. സി.ഡബ്ള്യൂ.എ. എന്നിവയുടെ വാർഷിക സമ്മേളനവും ശുശ്രൂഷക സമ്മേളനവും സ്നാനശുശ്രൂഷയും നടക്കുന്നതാണ്. 4-ാം തീയതി രാവിലെ പത്ത് മണിക്ക് നടക്കുന്ന ശുശ്രൂഷക സമ്മേളനത്തിൽ പാസ്റ്റർ പോൾസൺ സ്റ്റീഫൻ (എറണാകുളം)മുഖ്യ സന്ദേശം നൽ കും. 5-ാം തീയതി രാവിലെ പത്ത് മണിമുതൽ അടൂർ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ എട്ടാമത് ബിരുദദാന സമ്മേളനം ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജ് അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ ഡോ. ജോൺ ജോസഫ് (തിരുവനന്തപുരം) മുഖ്യ സന്ദേശം നൽകും.

ഞായറാഴ്ച രാവിലെ നടക്കുന്ന സംയുക്ത

(ശേഷം രണ്ടാം പേജിൽ)

## ദൈവജനം ദൈവത്തിന്റെ കൃഷി

:പാസ്റ്റർ മനോജ് തമ്പി

**അടൂർ**: ദൈവജനം ദൈവത്തിന്റെ കൃഷിയാണെന്ന് പാസ്റ്റർ മനോജ് തമ്പി. 2015 ഡിസംബർ മാസം 19-ാം തീയതി ശനിയാഴ്ച മാഞ്ഞാലി ഫെയ്ത്ത് ഫെലോഷിപ്പ് സഭയിൽ വച്ച് നടന്ന മാസയോഗത്തിൽ 1 കൊരിന്ത്യർ 3:9 ആധാരമാക്കി സംസാരിക്കുകയായിരുന്നു അദ്ദേഹം. അപ്പൊസ്തലനായ പൗലൊസിന് യേശുക്രിസ്തുവിൽനിന്നു ലഭിച്ച അപ്പൊസ്തലത്വത്തിൽ നിന്ന് പകർന്നു കിട്ടിയ ഒരു ആത്മദർശനമാണ് ഈ വേദഭാഗം. നാം ദൈവത്തിന്റെ കൂട്ടുവേലക്കാർ ആയിരിക്കുമ്പോൾ ദൈവത്തിന്റെ മനസ് വായിച്ചറിഞ്ഞ് മനുഷ്യന്റെ മനസ്സിലേക്ക് പകർന്നു കൊടുക്കുവാൻ ഓരോ ദൈവദാസന്മാർക്കും കഴിയണം. ദൈവത്തിന്റെ കൃഷിയെ വളർത്തുന്നത് ദൈവമാണ്. ദൈവത്തിന്റെ കൃഷി എന്നത് ദൈവസഭയാണ്. ആ കൃഷിക്കെതിരെ പ്രവർത്തിക്കുന്ന ഏവർക്കും ദൈവം ക്രിയാത്മകമായ ശിക്ഷാനടപടികൾ നൽകി അവരെ അടിച്ചമർത്തും എന്നുള്ളത് യാഥാർത്ഥ്യമാണ്. ലോകം കണ്ടതിൽ വച്ചേറ്റവും നല്ല കൃഷിക്കാരൻ നമ്മുടെ ദൈവമാണ്. കൃഷിക്ക് ആദ്യം ആവശ്യം ഒരു നിലമാണ്. ദൈവജനം ദൈവത്തിന്റെ കൃഷിയിടമാണ്.

ദൈവത്തിന്റെ കൃഷി ഇറക്കാൻ ദൈവം കണ്ട നിലം ഈ ഭൂമിതന്നെയാണ്. ഈ ഭൂമിയെ കട്ട ഉടച്ച്, നനച്ച് നല്ല കൃഷിയിടമാക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. മുള്ളും പറക്കാരയും മുളച്ചുവന്ന ഈ ഭൂമിയിൽ ദൈവസഭയാകുന്ന പ്രത്യേക കൃഷി ഇവിടേക്ക് ഇറക്കി ഇവിടെ പുഷ്ടി ഉണ്ടാകണമെന്ന് ദൈവം ആഗ്രഹിച്ചു കൊണ്ടിരിക്കുന്നു. രണ്ട് രീതിയിലുള്ള കൃഷിയുണ്ട്. അതുപോലെ രണ്ടു രീതിയിലുള്ള വിതയുമുണ്ട്. രാത്രി വിതയ്ക്കുന്നവനാണ് സാത്താൻ. എന്നാൽ യേശുക്രിസ്തുപകൽ ഉള്ളേടത്തോളം അയച്ചവന്റെ പ്രവർത്തി തികയ്ക്കുന്ന ഒരു കർഷകനാണ്. ഒരു കൃഷി

(ശേഷം രണ്ടാം പേജിൽ)



പാസ്റ്റർ മനോജ് തമ്പി മുഖ്യസന്ദേശം നൽകുന്നു

## കരോൾ പ്രോഗ്രാം നടത്തി

**അടൂർ**: ഫെയ്ത്ത് ഗോസ്പൽ ടീമിന്റെ ആഭിമുഖ്യത്തിൽ 2015 ഡിസംബർ 23-ാം തീയതി ഉച്ചയ്ക്ക് 2.30 മുതൽ രാത്രി 10 മണിവരെ കരോൾ പ്രോഗ്രാം നടത്തപ്പെട്ടു. എഫ്.എഫ്.സി. പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി മുണ്ടപ്പള്ളി മുളമുക്കിൽ വച്ച് പ്രാർത്ഥിച്ച് ആരംഭിച്ച പ്രോഗ്രാം മിത്രപുരം, താന്നിവിളപ്പടി, പ്ലാവിളത്തറ, അന്തിച്ചിറ, ചക്കിമുക്ക്, നെല്ലിമുകൾ, മാഞ്ഞാലി രാജീവ്ഗാന്ധി കോളനി, മലങ്കാവ് എന്നിവിടങ്ങളിൽ ഗാനങ്ങൾ ആലപിക്കുകയും ദൈവവചനം പങ്കുവയ്ക്കുകയും ചെയ്തു. പാസ്റ്റർമാരായ എബി ജോർജ്ജ്, മനോജ് തമ്പി, വിനോദ് കെ., ബോബി പി. ജോൺ, തങ്കച്ചൻ ഡേവിഡ്, ജോസ് പ്രകാശ് എന്നിവർ ദൈവവചനം സംസാരിച്ചു. ഫെയ്ത്ത് ബാന്റ് ഗാനങ്ങൾ ആലപിച്ചു.

## ക്രിസ്മസ് സന്ദേശ റാലി

**ന്യൂഡൽഹി**: സന്ത് നഗർ (കിംങ്സ്വേ ക്യാമ്പ്) ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ 2015 ഡിസംബർ 25-ാം തീയതി രാവിലെ 10 മണി മുതൽ 1 മണി വരെ സന്ത് നഗർ കമൽപൂർ വില്ലേജിൽ ക്രിസ്തുമസ് സന്ദേശ റാലി നടത്തി. പാസ്റ്റർ ടി.ഡി. സുധാകരൻ പ്രാർത്ഥിച്ച് ആരംഭിച്ച റാലിയിൽ കരോൾ ഗാനങ്ങൾ ആലപിക്കുകയും ദൈവവചനം പങ്കുവയ്ക്കുകയും ചെയ്തു. പുതിയനിയമവും ട്രാക്ടുകളും വിതരണം ചെയ്തു. സഭാപാസ്റ്റർ ബിനുജോൺ, സഭ സെക്രട്ടറി ചെറിയാൻ ഡാനിയേൽ, മെൻസ് ഫെലോഷിപ്പ് കോ-ഓർഡിനേറ്റർ ബ്രദർ ബാബുരാജ്, എഫ്. സി.വൈ.എം. സെക്രട്ടറി മണിമോൻ എന്നിവർ നേതൃത്വം നൽകി.

കാൽക്കാജി ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ 2015 ഡിസംബർ 25-ാം തീയതി വെകിട്ട് 5 മണി മുതൽ 8 മണി വരെ ഗോവിന്ദ്പുരിയിൽ ക്രിസ്തുമസ് സന്ദേശ റാലി നടത്തി. പാസ്റ്റർ ബിനുജോൺ പ്രാർത്ഥിച്ച് ആരംഭിച്ച റാലിയിൽ കരോൾ ഗാനങ്ങൾ ആലപിക്കുകയും ദൈവവചനം പങ്കുവയ്ക്കുകയും പുതിയനിയമവും ട്രാക്ടുകളും വിതരണവും ചെയ്കയും ചെയ്തു. സഭാപാസ്റ്റർ ടി.ഡി. സുധാകരൻ സഭാ സെക്രട്ടറി ശീലാസ് ശാമുവേൽ എന്നിവർ നേതൃത്വം നൽകി. സന്ത് നഗർ. കൽക്കാജി സഭകളിലെ വിശ്വാസികൾ റാലികളിൽ പങ്കെടുത്തു.

## വിശ്വാസി 20-ാം വയസിലേക്ക്

*വിശ്വാസി മാസിക* പ്രസിദ്ധീകരണത്തിന്റെ ഇരുപതാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. 1997 ജനുവരിയിലാണ് മാസികയുടെ പ്രസിദ്ധീകരണം ആരംഭിച്ചത്. ഇന്നും ഇത് ഒരു ശുശ്രൂഷയായി തുടരുവാൻ കഴിയുന്നത് ദൈവമക്കളുടെ പ്രാർത്ഥനയുടേയും അകമഴിഞ്ഞ സഹായ സഹകരണങ്ങളുടേയും ഫലമായിട്ടാണ് എന്നുള്ളത് ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. തുടർന്നും വായനക്കാരുടെ സമ്പൂർണ്ണ സഹകരണം ഞങ്ങൾ പ്രതീക്ഷിക്കുന്നു.

എല്ലാ വിശ്വാസി വായനക്കാർക്കും

പത്രാധിപ സമിതിയുടെ

**പുതുവത്സരാശംസകൾ**

*ഉൾപേജുകളിൽ...*


| | |
|---|---|
| പ്രത്യാശയുള്ളവരാകുക | : പാസ്റ്റർ എം.സാമുവൽകുട്ടി |
| യേശുക്രിസ്തുവിന്റെ പുനരാഗമനം | : പാസ്റ്റർ മനോജ് തമ്പി |
| പരിശുദ്ധാത്മാവിനെ ദുഖിപ്പിക്കരുത്! | : പാസ്റ്റർ ജോസ് ശാമുവേൽ |
| നവ്യനാദവുമായി നാത്തൂൻസ്! | : ഇവാ. ജോൺ സാമുവൽ മണക്കാല |

പത്രാധിപ ലേഖനം.......

# പ്രത്യാശയുള്ളവരാകുക



2015 ചരിത്രത്തിന്റെ ഭാഗമായി മാറി. അനേകരുടെ കണ്ണീരും രക്തവും ചൊരിയപ്പെട്ട ഒരു വർഷമാണ് 2016ന് വഴിമാറിയത്. ഈ പുതുവർഷത്തിൽ ഇനിയെന്തെല്ലാമാണ് സംഭവിക്കാനിരിക്കുന്നത് എന്ന വേവലാതിയിലാണ് ലോകജനത ഇപ്പോൾ. ഒന്നര വർഷമായി ഭീകരതയുടെ തേരോട്ടം തുടരുന്ന ഇസ്ലാമിക് സ്റ്റേറ്റ് (ഐ.എസ്.) കൂടുതൽ ഭൂഖണ്ഡങ്ങളിലേക്ക് വ്യാപിക്കുന്നതാണ് 2015ൽ കണ്ടത്. ഐഎസ്സിന് യൂറോപ്പിലും ഭീകരത വിതക്കാനാകുമെന്ന് പാരീസ് ആക്രമണം മുന്നറിയിപ്പ് നൽകി. അമേരിക്കയുടെ നേതൃത്വത്തിൽ പാശ്ചാത്യ സൈനികസഖ്യം കോടികൾ മുടക്കി വ്യോമാക്രമണം നടത്തുന്നുണ്ടെങ്കിലും ഐഎസ് മുന്നേറ്റം പൂർണ്ണമായും ചെറുക്കാനായിട്ടില്ല. ഐ.എസ്സിനെതിരായ യുദ്ധമുന്നണിയിൽ ഫ്രാൻസ് ചേർന്നതിന്റെ പ്രതികാരമായിരുന്നു പാരീസ് ആക്രമണം. അധീന മേഖലയിലെ എണ്ണവിറ്റും ആളെ തട്ടിക്കൊണ്ടുപോയി വിലപേശിയും ഐഎസ് ലോകത്തിലെ ഏറ്റവും സമ്പന്നമായ ഭീകര സംഘടനയായി വളരുന്നു. ഐ.എസ്സിൽ അണിചേരാൻ യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും ആളൊഴുക്ക് തുടരുന്നത് ആശങ്ക പരത്തുന്നു.

സംഘർഷഭരിതമായ സിറിയ, ലിബിയ, യമൻ, ആഫ്രിക്കൻ രാഷ്ട്രങ്ങളിൽ നിന്ന് പ്രക്ഷുബ്ധമായ മദ്ധ്യധരണ്യാഴി വഴി ബോട്ടിൽ യൂറോപ്പിലേക്ക് രക്ഷപ്പെടാൻ ശ്രമിക്കുന്നത് പതിനായിരങ്ങളാണ്. യു.എന്നിന്റെ കണക്കനുസരിച്ച് കഴിഞ്ഞ വർഷം മാത്രം മദ്ധ്യധരണ്യാഴിൽ 2500ലേറെ അഭയാർത്ഥികൾ കൊല്ലപ്പെട്ടിട്ടുണ്ട്. ലോകം അഭയാർത്ഥികളുടെ എണ്ണത്തിൽ 2015-ൽ റെക്കോഡിട്ടു. യുദ്ധങ്ങളും അധിനിവേശങ്ങളും ഭീകരതയും അഭയമില്ലാതാക്കിയവരുടെ ആകെ എണ്ണം ആറുകോടി കടന്നെന്നാണ് ഐക്യരാഷ്ട്ര സംഘടനയുടെ കണക്ക്. 1992ന് ശേഷം ഏറ്റവും ഉയർന്ന സംഖ്യയാണിത്. ഇന്ന് ഭൂമുഖത്തുള്ള 122 പേരിൽ ഒരാൾ സ്വന്തം പാർപ്പിടം വിട്ട് പോകാൻ നിർബന്ധിക്കപ്പെടുകയാണെന്ന് റിപ്പോർട്ടിൽ പറയുന്നു.

മൂന്ന് പതിറ്റാണ്ടിനിടെ ലോകം കണ്ട ഏറ്റവും ശക്തമായ ഭൂചലനത്തിന് 2015 സാക്ഷ്യം വഹിച്ചു. ഇന്ത്യൻ ഉപഭൂഖണ്ടത്തെ വിറപ്പിച്ച് ഏപ്രിൽ 25ന് നേപ്പാളിലുണ്ടായ ഭൂകമ്പം ആറായിരത്തിലേറെ പേരുടെ ജീവനെടുത്തു. ഇന്ത്യയിൽ എഴുപതിലേറെ പേർ മരിച്ചു.

ഡൽഹിയിൽ ആം ആദ്മി സർക്കാരുണ്ടാക്കിയ നേട്ടങ്ങളാണ് കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ ചർച്ചയായത്. അരവിന്ദ് കേജരിവാൾ എന്ന ശക്തനായ നേതാവിന്റെ തിരിച്ചുവരവിനാണ് ഡൽഹി തിരെഞ്ഞെടുപ്പ് വഴിവെച്ചത്. കോൺഗ്രസിനെയും ബിജെപിയെയും തറപറ്റിച്ച് ആം ആദ്മി ഉയർന്നു വന്ന വർഷമായിരുന്നു 2015.

കേരള നിയമസഭയിലെ ബജറ്റ് സമ്മേളനത്തിനിടെ ഉണ്ടായ കൂട്ടത്തല്ലും ബഹളവും ദേശീയ മാധ്യമങ്ങൾ വരെ വാർത്തയാക്കി. ധനമന്ത്രി ബജറ്റ് അവതരിപ്പിക്കുന്നതിനിടെ ഉണ്ടായ ബഹളം കേരള രാഷ്ട്രീയ ചരിത്രത്തിൽ തന്നെ നാണക്കേടുണ്ടാക്കിയ സംഭവമായി. തുടർന്ന് ബാർ കോഴക്കേസിൽ അഴിമതി ആരോപിതനായ ധനമന്ത്രി രാജി വയ്ക്കുന്നതിൽ വരെ കാര്യങ്ങൾ എത്തി.

രാജ്യത്തെ പൗരന്മാരുടെ അവകാശങ്ങൾക്കുമേലുള്ള കടന്നുകയറ്റം 2015ൽ ആരംഭിച്ചു. പശു ഗോമാതാവാണ് എന്നാരോപിച്ച് ഹിന്ദുത്വവാദികൾ ഭക്ഷണ നിയന്ത്രണം ഏർപ്പെടുത്തി. ബീഫ് കഴിക്കാനോ പശുവിറച്ചി വിൽക്കാനോ പാടില്ലെന്ന് മഹാരാഷ്ട്രയിൽ നിയമം പാസാക്കി. അസഹിഷ്ണുതാ വിവാദത്തിനും ബീഫ് നിരോധന വിവാദത്തിനും തിരികൊളുത്തി ദാദ്രി സംഭവം അരങ്ങേറി. അസഹിഷ്ണുതയിൽ പ്രതിഷേധിച്ച് സാഹിത്യകാരന്മാരും സാമൂഹിക പ്രവർത്തകരും പുരസ്കാരങ്ങൾ തിരിച്ചുനൽകിയ സംഭവങ്ങളും കഴിഞ്ഞ വർഷം കണ്ടു.

ദൈവമക്കളെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ കരുതൽ അനവധിയായി അനുഭവിച്ചറിഞ്ഞ ഒരു വർഷമാണ് കടന്നുപോയത്. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സിൽവ്വർ ജൂബിലി ആഘോഷിച്ചത് 2015ൽ ആണ്. ഇത്രത്തോളം നടത്തിയ ദൈവത്തിന് ഞങ്ങൾ സകല മാനവും മഹത്വവും അർപ്പിക്കുന്നു.

പ്രതികൂലങ്ങളും സ്വാതന്ത്ര്യമില്ലായ്മയും, തടസ്സങ്ങളും വർദ്ധിക്കുമ്പോൾ ദൈവമക്കൾ പ്രത്യാശ കൈവെടിയരുത്. പത്രൊസ് തന്റെ ലേഖനത്തിൽ വായനക്കാരെ പരദേശികൾ എന്നാണ് സംബോധന ചെയ്യുന്നത്. വിദേശികളായ സഞ്ചാരികൾ, പ്രവാസികൾ, എന്നൊക്കെയാണ് അതിന്റെ അർത്ഥം. നമ്മുടെ പൗരത്വം ഇവിടെയല്ല. കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ സ്വർഗ്ഗീയ പൗരത്വം ലഭിച്ചവരാണ് നാം. തൻമൂലം ഭൂമിയിൽ നാം സ്ഥിരതാമസക്കാരല്ല. അബ്രഹാമിനെപ്പോലെ വിശ്വാസത്താൽ സ്വർഗ്ഗീയ നഗരത്തെ ലക്ഷ്യം വച്ചവരാണ് നാം. ക്രിസ്ത്യാനികൾ ലോകത്തിൽ പരദേശികൾ ആയതുകൊണ്ട് ലോകത്തിന്റെ ദൃഷ്ടിയിൽ അവർ തികച്ചും അപരിചിതരാണ്. ലോകത്തിൽ നിന്നും വ്യത്യസ്തമായ കാഴ്ചപ്പാടുകളും ജീവിതരീതികളും ഉള്ളതിനാൽ ലോകത്തോട് സാക്ഷ്യം വഹിക്കുന്നതിനും ഒപ്പം പോരാട്ടം കഴിക്കുന്നതിനും ഇടയാക്കുന്നു.

1 പത്രൊസ് പ്രബോധനത്തിന്റെ കത്താണ്. കഷ്ടതയെക്കുറിച്ച് ലേഖനത്തിലുടനീളം പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. അതോടൊപ്പം കാണുന്ന ഒരു പദമാണ് ദൈവതേജസ്സ്. നാം ഇപ്പോൾ സഹിക്കുന്ന കഷ്ടങ്ങളെല്ലാം ഒരിക്കൽ തേജസ്സായി രൂപാന്തരപ്പെടുമെന്നുള്ള ഉറപ്പാണ് പത്രൊസ് നൽകുന്ന പ്രബോധനങ്ങളിൽ ഒന്ന്. ഇത് സാദ്ധ്യമായത് നമ്മുടെ രക്ഷിതാവ് നമുക്കായി കഷ്ടം സഹിച്ച് തന്റെ മഹത്വത്തിൽ പ്രവേശിച്ചതുകൊണ്ട് മാത്രമാണ്. ക്രിസ്തുവിന്റെ കഷ്ടങ്ങളെക്കുറിച്ചും ഈ ലേഖനത്തിൽ പരാമർശിക്കുന്നുണ്ട്.

പൗലൊസ് വിശ്വാസത്തിന്റെയും യോഹന്നാൻ സ്നേഹത്തിന്റെയും അപ്പൊസ്തലർ ആയിരിക്കുന്നതുപോലെ പത്രൊസ് പ്രത്യാശയുടെ അപ്പൊസ്തലനാണ്. വിശ്വാസികൾ ജീവിക്കുന്ന ക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചവരാകയാൽ നമുക്ക് ജീവനുള്ള പ്രത്യാശയുണ്ട്.ഈ പ്രത്യാശ മനസ്സിലുറപ്പിച്ച് കർത്താവിന്റെ പ്രത്യക്ഷതയിൽ നമുക്ക് ലഭിക്കാനിരിക്കുന്ന തേജസ്സിൽ പൂർണ്ണ പ്രത്യാശവയ്ക്കാൻ നമ്മെ പ്രാപ്തരാക്കുന്നു. നമ്മുടെ പ്രത്യശയെക്കുറിച്ച് ഒരിക്കലും ലജ്ജിക്കേണ്ട കാര്യമില്ല. മറിച്ച് ഈ പ്രത്യശയെക്കുറിച്ച് ന്യായം ചോദിക്കുന്ന ഏവരോടും പ്രതിവാദം പറയാൻ എപ്പോഴും നാം ഒരുങ്ങിയിരിക്കേണ്ടതാണ്. കഷ്ടത തേജസ്സിലേക്ക് നടത്തുന്നതിനാലും കർത്താവ് വീണ്ടും വരുന്നതിനാലും നമുക്ക് നിശ്ചയമായും പ്രത്യാശയുള്ളവരായിരിക്കാം.

**പാസ്റ്റർ എം. സാമുവൽകുട്ടി**

# ജനറൽ കൺവൻഷൻ

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

ആരാധനയോടും തിരുവത്താഴ ശുശ്രൂഷയോടും കൂടെ ജനറൽ കൺവൻഷ ൻ സമാപിക്കും. ഫെയ്ത്ത് സീയോൻ സിംഗേഴ്സും ഫെയ്ത്ത് ബാന്റും ഈ യോഗങ്ങളിൽ ആരാധനയ്ക്ക് നേതൃത്വം നൽകും.

കൺവൻഷന്റെ ക്രമീകരണങ്ങൾക്കായി റീജൻ കോ-ഓർഡിനേറ്റർ പാസ്റ്റർ എബി ജോർജിന്റെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു. പാസ്റ്റർ ഡി. ജോൺ (പ്രാർത്ഥന), പാസ്റ്റർ മനോജ് തമ്പി(പ്രോഗാം), പാസ്റ്റർ സുമേഷ് പി. ലാസർ (പബ്ളിസിറ്റി), പാസ്റ്റർ വി.എം. ഏബ്രഹാം (ഫുഡ്), ഇവാ.തങ്കച്ചൻ ഡേവിഡ്(വോളന്റിയേഴ്സ്) എന്നിവർ വിവിധ കമ്മിറ്റികൾക്ക് നേതൃത്വം നൽകുന്നു.

# ദൈവജനം ദൈവത്തിന്റെ കൃഷി

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

ഇറക്കുമ്പോൾ ആ വിത്ത് വളർന്നുവരുന്നതോടൊപ്പം കളയും വളരും, കൊയ്ത്തോളം വളരും എന്നാൽ കൊയ്ത്തു സമയത്ത് കതിരും പതിരും കളയും വേർതിരിക്കപ്പെടുമെന്നത് യാഥാർത്ഥ്യമാണ്.

ദൈവജനം ദൈവത്തിന്റെ കൃഷിയാണെന്ന് മനസ്സിലാക്കി നല്ല കതിരായി ക്രിസ്തുവിന്റെ കളപ്പുരയിലേക്ക് എത്തപ്പെടുവാനുള്ള ഒരുക്കത്തോടെ ദൈവജനം മുന്നേറണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

പാസ്റ്റർ വിനോദ് അദ്ധ്യക്ഷനായിരുന്ന മാസയോഗത്തിൽ പാസ്റ്റർ തോമസ് മാത്യു സങ്കീർത്തനപ്രബോധനം നിർവ്വഹിക്കുകയും പാസ്റ്റർ സുമേഷ് പി. ലാസർ കർത്തൃമേശാശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു.

കവിത

## മുഖംമൂടീധാരി



നിഷ്ഠൂരാപരീഷവൃന്ദമിന്നിങ്ങനെ
നോക്കി നിൽക്കുമാ-
ദുഷ്ടാചാരകള്ളന്മാരും
പുറംമേനിയൊരുക്കി നടപ്പതും
അകമാകവേ ദുർഗ്ഗന്ധമാമവർക്കന്തതയും
വെള്ളപ്രാവെന്ന കരിപ്പൂണ്ടവർ
ലോകനെറുകയിൽ വന്ദനവും പ്രശംസയും
മാത്രമാപ്രിയമാജനത്തിനെന്നും
സഖ്യം തിരിച്ചും നടുക്കം നടത്തിയും
പോരോടുപോർവിളിയാളാകുവാനും
അന്ധനാമൊരുവനൊരുവനേ കൊണ്ടങ്ങു
വഴിപോകയെന്നതു നിഷ്ഭലമാ
എന്തിനീ കോലപ്രകോപരങ്ങൾ
നിനയേണമാമഖിലാണ്ഡ നായകനെ
കറത്തീർത്തുസത്യം ജയിച്ച് മുന്നേറിയവനെ
കൊള്ളത്തരങ്ങളാലലയാത്തവൻ
കള്ളരാക്ഷസയാഗവും ഇല്ലാത്തവൻ
താൻ തന്നെ വഴിയായ് സത്യമായി
ജീവവചസിനാലാഴ്ന്നിറങ്ങിയോൻ
സമൃതിയായ്ത്തന്നെ പാലിക്കുമവൻ
സഫലമാവോളമളന്നുതരുന്നവൻ
ഇഹലോകജനമനമറിയുന്നവൻ
പരമോന്നതപദം നല്കുന്നവൻ
അകതാരിലീശനൊടൊത്തുച്ചേർന്നങ്ങനെ
പൊയ്പോകയാകിലേ ശുഭമാകിടു .

മനോജ് കെ.
ജയ്പ്പൂർ


**വരിസംഖ്യ നിരക്ക് ഒരുവർഷത്തേക്ക്**

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


## ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# യേശുക്രിസ്തുവിന്റെ പുനരാഗമനം



പാസ്റ്റർ മനോജ് തമ്പി
മങ്ങാട്

വിശുദ്ധ ബൈബിൾ പ്രതിപാദ്യങ്ങളിൽ ശ്രദ്ധേയമായ പ്രമേയമാണ് യേശുക്രിസ്തു വിന്റെ രണ്ടാംവരവ്. പുതിയനിയമത്തിലെ ഒരോ 20 വാക്യങ്ങളിലും യേശുവിന്റെ രണ്ടാം വരവിന്റെ സൂചനകളുണ്ട്. അപ്പൊസ്തലൻമാരുടെ കാലത്ത് ശിഷ്യൻമാർ തമ്മിൽ യേശു വരുന്നു എന്നർത്ഥമുള്ള മാറാനാഥാ എന്നവാക്കുകൊണ്ട് പരസ്പരം അഭിവാദ്യം ചെയ്തിരുന്നു. ഒരുവൻ ക്രിസ്ത്യാനിയാണെന്നറിഞ്ഞാൽ ക്രിസ്തുവിനെ തള്ളിപ്പറയുന്നതിന് അവനെ നിർബന്ധിക്കുന്ന ക്രൂരമായ പീഢനത്തിന്റെ കാലം. അന്നത്തെ ക്രൈസ്തവർ ''ഒരുത്തൻ കർത്താവായ 'യേശുക്രിസ്തുവിനെ സ്നേഹിക്കുന്നില്ല എങ്കിൽ അവർ ശപിക്കപ്പെട്ടവനായിരിക്കട്ടെ എന്ന് പറയുമായിരുന്നു. 260 അദ്ധ്യായങ്ങൾ ഉള്ള പുതിയനിയമത്തിൽ 318 വാക്യങ്ങളിൽ കർത്താവിന്റെ വരവിനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിന്റെ വാക്കുകളിലൂടെ തന്റെ മടങ്ങിവരവിനെക്കുറിച്ച് ഉറപ്പേറിയ വാഗ്ദത്തം നമുക്ക് ലഭിക്കുന്നുണ്ട്. അപ്പൊസ്തലൻമാരുടെ രചനകളുടെ കേന്ദ്രവിഷയം ക്രിസ്തുവിന്റെ വരവിനായി വിശ്വാസികൾ ഒരുങ്ങുകയും ഉണരുകയും ചെയ്യണമെന്നുള്ളതായിരുന്നു. ദൈവസഭയുടെ നിലനിൽപ്പിന്റെ അടിസ്ഥാനവും ഭാവി പ്രത്യാശയും ക്രിസ്തുവിന്റെ പുനരാഗമനവും അനന്തരസംഭവങ്ങളുമാണ്.

ക്രിസ്തുവിന്റെ വരവിനെ സൂചിപ്പിക്കുന്ന മൂന്ന് പദങ്ങൾ ശ്രദ്ധേയങ്ങളാണ്. പറൂസിയ എന്ന പദത്തിന്റെ അർത്ഥം അടുത്തു വരിക, സാന്നിദ്ധ്യം ഇടുക എന്നൊക്കെയാണ്. ക്രിസ്തുവിന്റെ പുനരാഗമനം വ്യക്തി പരമായി വിശ്വാസികൾക്ക് അനുഭവപ്പെടുന്നതാണെന്ന് ഈ പദം സമർത്ഥിക്കുന്നു. ഒരാളുടെ സന്ദർശനം മറ്റൊരാൾക്ക് നൽകുന്ന സന്തോഷം, ആശ്വാസം, ഫലം എന്നിവയും പറൂസിയ എന്ന വാക്കിലൂടെ അർത്ഥമാക്കുന്നു. അതെ ക്രിസ്തുവിന്റെ പുനരാഗമനം കാത്തിരിക്കുന്നവർക്ക് സന്തോഷവും, ആശ്വാസവും, പ്രതിഫലവും ലഭ്യമാകും.

രണ്ടാമത്തെ പദം അപ്പോക്കാലിപ്സിസ് എന്നതാണ്. മറനീക്കുക, തിരശീല മാറ്റുക എന്നീ അർത്ഥതലങ്ങളിലൂടെ സഭയെ ചേർക്കുവാൻ ക്രിസ്തു മേഘത്തിൽ വരുന്നതിനെ സൂചിപ്പിക്കുന്നു. ഹാർപ്പാസോ എന്ന മൂന്നാമത്തെ പദത്തിന്റെ അർത്ഥം എടുത്ത് കൊള്ളപ്പെടുക എന്നതാണ്. ദൈവസഭ പ്രതീക്ഷയോടെ കാത്തിരിക്കേണ്ടത് എടുത്തുക്കൊള്ളപ്പെടേണ്ടതിനാണ് (ഉൾപ്രാപണം). ഇതിൽ രണ്ട് ഭാഗങ്ങൾ വ്യക്തമാണ്. ഒന്ന് ക്രിസ്തുവിൽ മരിച്ചവരുടെ ഉൾപ്രാപണം, രണ്ട് ജീവനോടെ ശേഷിക്കുന്നവരുടെ രൂപാന്തരം.

ഇനിയും ലോകത്തിൽ സംഭവിക്കുവാൻ പോകുന്ന ഏറ്റവും വലിയ സംഭവം ക്രിസ്തുവിന്റെ പുനരാഗമനമാണ്. പഴയനിയമ ഗ്രന്ഥങ്ങളിൽ യഹോവയായ ദൈവം മനുഷ്യനെ കാണുവാൻ ഇറങ്ങി വരുന്ന ധാരാളം സന്ദർഭങ്ങളുണ്ട്.

> **വിശുദ്ധി സ്വർഗ്ഗത്തിലേക്കുള്ള പാതയും അത്യുന്നതനായ ദൈവത്തെ കാണാനുള്ള കണ്ണാടിയുമാണ്. എല്ലാവരും പാപികളാണെന്ന് ബൈബിൾ പറയുന്നു. എന്നാൽ പാപികൾ ശുദ്ധീകരണം പ്രാപിച്ച് പുനരാഗമനത്തിന് പ്രാപ്തരാകുവാൻ ക്രിസ്തു മാതൃകയായി മനുഷ്യന് മുമ്പിൽ നിൽക്കുന്നു. സാഹചര്യം മനസ്സിലാക്കി ഒഴിഞ്ഞ് മാറുകയും, പരീക്ഷിക്കപ്പെട്ടുമ്പോൾ ദൈവാശ്രയത്താൽ ജയകരമായി ജീവിക്കുകയും ചെയ്യുമ്പോൾ വിശുദ്ധിയിലേക്ക് നാം പ്രവേശിക്കുന്നു**

പരിശുദ്ധാത്മാവിന്റെ അവരോഹണം കർത്താവിന്റെ വരവായിരുന്നു എന്ന് തെറ്റിദ്ധരിച്ചവരുണ്ടായിരുന്നു. വിശ്വാസിയുടെ മരണം, യെരുശലേമിന്റെ നാശം (AD 70), വിശ്വാസികളുടെ നടുവിലേക്ക് ഇറങ്ങി വരുന്ന സാന്നിദ്ധ്യം ഇവയെല്ലാം കർത്താവിന്റെ പുനരാഗമനമാണെന്ന് പഠിപ്പിച്ചവരുണ്ട്. എന്നാൽ പുനരാഗമന ലക്ഷണങ്ങളെക്കുറിച്ച് ക്രിസ്തുനാഥൻ പറയുന്ന തെളിവുകൾ ഇന്നും നടന്നുക്കൊണ്ടിരിക്കുന്നു. അന്ത്യകാലത്ത് മനുഷ്യൻ പരിഹാസ വിഷയമാക്കുന്ന ഒരു പ്രമേയമാണ് പുനരാഗമനവും അന്ത്യകാല സംഭവങ്ങളും. ക്രിസ്തുവിന്റെ പുനരാഗമനത്തിൽ പ്രധാനമായും രണ്ട് സംഭവങ്ങൾ നടക്കും. ചിലർ എടുക്കപ്പെടും മറ്റ് ചിലർ കൈവിടപ്പെടും. നിരവധി ഉദാഹരണങ്ങളിലൂടെ ക്രിസ്തുനാഥൻ ഈ ചിന്തകളെ ഉറപ്പിക്കുന്നു. 10 കന്യകമാരിൽ അഞ്ച് പേർ ചേർക്കപ്പെട്ടു, 5 പേർ ഉപേക്ഷിക്കപ്പെട്ടു, കല്യാണ വസ്ത്രമില്ലാതെ മണിയറയിൽ പ്രവേശിച്ച വ്യക്തി പുറത്താക്കപ്പെട്ടു. ഇത്യാദി ഉദാഹരണങ്ങൾ പുനരാഗമനത്തിൽ എടുക്കപ്പെടേണ്ടതിനുള്ള യോഗ്യതകളെക്കുറിച്ച് ബോധ്യം തരുന്നു.

ക്രിസ്തുവിന്റെ പുനരാഗമനത്തിൽ പങ്കാളികളാകുവാൻ എന്തെല്ലാം യോഗ്യതകളാണ് വേണ്ടതെന്ന് ബൈബിൾ വ്യക്തമാക്കുന്നു. അതിൽ പ്രധാനപ്പെട്ടത് ശുദ്ധീകരണമാണ് ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല എബ്രാ 12 : 14. വിശുദ്ധീകരണത്തിനായി മനുഷ്യൻ ബോധപൂർവ്വം വാഞ്ചിക്കേ ണ്ടതാണ്. കാരണം വിശുദ്ധി സ്വർഗ്ഗത്തിലേക്കുള്ള പാതയും അത്യുന്നതനായ ദൈവത്തെ കാണാനുള്ള കണ്ണാടിയുമാണ്. എല്ലാവരും പാപികളാണെന്ന് ബൈബിൾ പറയുന്നു. എന്നാൽ പാപികൾ ശുദ്ധീകരണം പ്രാപിച്ച് പുനരാഗമനത്തിന് പ്രാപ്തരാകുവാൻ ക്രിസ്തു മാതൃകയായി മനുഷ്യന് മുമ്പിൽ നിൽക്കുന്നു. സാഹചര്യം മനസ്സിലാക്കി ഒഴിഞ്ഞ് മാറുകയും, പരീക്ഷിക്കപ്പെടുമ്പോൾ ദൈവാശ്രയത്താൽ ജയകരമായി ജീവിക്കുകയും ചെയ്യുമ്പോൾ വിശുദ്ധിയിലേക്ക് നാം പ്രവേശിക്കുന്നു. ആന്തരികവും ബാഹ്യവുമായ വിശുദ്ധി പുനരാഗമന പങ്കാളിത്തത്തിന് ആവശ്യമാണ്. ക്രിസ്തുവിന്റെ വരവിൽ ചേർക്കപ്പെടാൻ യോഗ്യതയുള്ളവരായി നമുക്ക് ഒരുങ്ങാം, മാറാനാഥ.

# പരിശുദ്ധാത്മാവിനെ ദുഖിപ്പിക്കരുത് !

(നാലാം പേജിൽ നിന്ന് തുടർച്ച)

പൊക്കുക, ജനത്തിന്റെ ഇടയിലേക്ക് കൂട്ടമായി ഓടിക്കയറുക, കെട്ടിപ്പിടിച്ച് മറിഞ്ഞുവീഴുക, കൂട്ടമായി അട്ടഹസിക്കുക, സ്ത്രീകളുടെ കൈപിടിച്ച് വലിക്കുക എന്നിട്ട് ഇത് ബാധയാണ്, തീയാണ് എന്നും നിയോഗമാണെന്നും വിളിച്ചുകൂകുക... ഇതാണോ പരിശുദ്ധാത്മാവ്?

ഇവർ പറയുന്നത് പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള തെറ്റായ വ്യാഖ്യാനമാണ്. പെന്തക്കൊസ്തു നാളിൽ പരിശുദ്ധാത്മാവ് അഗ്നിയായി സെഹിയോൽ മാളികയിൽ ഇറങ്ങി എന്നാണ് ഇവർ വ്യാഖ്യാനിക്കുന്നത്. എന്നാൽ വേദപുസ്തകം അപ്പൊ. 2:1-4 ൽ പറയുന്നു:പെന്തക്കൊസ്തു നാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചുകൂടിയിരുന്നു. പെട്ടന്ന് കൊടിയ കാറ്റ് അടിക്കുന്നതുപോലെ ആകാശത്ത് നിന്നും ഒരു മുഴക്കം ഉണ്ടായി. അവർ ഇരുന്നിരുന്ന വീട് നിറച്ചു. അഗ്നിജ്വാലപ്പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തരുടെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് നൽകിയതുപോലെ അന്യ ഭാഷകളിൽ സംസാരിച്ചു തുടങ്ങി.

അഗ്നി അവിടെ കത്തുകയല്ല ചെയ്തത് മറിച്ച് അഗ്നിജ്വാലപോലെ പിളർന്നിരുന്ന നാവുകളാണ് പ്രത്യക്ഷമായത്. അവർ അവിടെ കിടന്ന് കൂത്താടുകയല്ലായിരുന്നു, വണ്ടികളി നടത്തുകയല്ലായിരുന്നു, ഒരാളുടെ മുകളിലേക്ക് മറ്റുള്ളവർ വന്ന് വീഴുകയല്ലായിരുന്നു.... ഇത്തരം വ്യാജാത്മാവിനെ ദൈവ സഭകളിൽ നിന്ന് തുരത്തിയെറിയുവാൻ ആത്മീയർ മുൻകൈ എടുക്കണം. ദൈവസഭയിൽ നുഴഞ്ഞു കയറുന്ന ഇത്തരം ആത്മാക്കളെ വിവേചിച്ചറിയാൻ വിവേചന വരം പ്രാപിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു.

പ്രത്യേക സെമിനാറുകൾ സംഘടിപ്പിച്ച് ഇങ്ങനെയുള്ള കുണ്ഡലിനി ആത്മാവിനെ വിതരണം ചെയ്യുന്ന ധാരാളം ഭിഷുഗ്വരന്മാർ ഇന്ന് ആത്മീയ ഗോളത്തിൽ വിലസുന്നുണ്ട്.

കേരളാ പെന്തക്കൊസ്തിന് മാർഗ്ഗദർശികളായിരുന്ന പിതാക്കന്മാരെ ചീത്ത പറഞ്ഞും അവർ വക്രബുദ്ധിക്കാർ ആയിരുന്നു എന്നും പാട്ട തമ്പേറിന്റെ താളമായിരുന്നു അവരെ വഴിതെറ്റിച്ചത് എന്നുമായിരുന്നു പുതുതലമുറയിലെ ഒരു വ്യാജന്റെ അഭിപ്രായം.

കേരളാ പെന്തക്കൊസ്തു സഭാചരിത്രത്തിന്റെ താളുകളിൽ ഇടം കിട്ടാതെ പോയ, പെന്തക്കൊസ്തു വിശ്വാസത്തിന്റെ നാഴികകല്ലുകളായി മാറിയ അനേക പിതാക്കന്മാരുടെ തലമുറ ഇന്നും സത്യസുവിശേഷത്തിനായി നിൽക്കുന്നുണ്ട് എന്നത് മാത്രമാണ് ഒരു ആശ്വാസം. നമ്മുടെ തലമുറ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നവർ ആയി മാറാതിരിക്കാൻ തലമുറകൾക്കായി പ്രാർത്ഥിക്കാം.

**welcom to all**

**Faith Fellowship Church**

Sunday Service at 10 am

Pr. Binu John
Mob. 9999365334

3rd Floor, Sun View Apartment, KH.No. 769/1 West Sant Nagar, Burari

# സംഗീത ലോകത്തെ നവ്യനാദമായ്...

(നാലാം പേജിൽ നിന്ന് തുടർച്ച)

ആദ്യഗാന പിറവിയുടെ നിമിഷങ്ങളായിരുന്നു അത്. തുടർന്ന് ആശ്വാസപ്രദനാം ദൈവം, കൺകൾ നിറഞ്ഞീടുന്നു, മാറാത്ത നാഥൻ നീ, എന്റെ ആത്മസഖി, അധികാരമുള്ളവനേ മനുവേലനേ, നീയെന്റെ ഉള്ളു കാണുന്നെന്റെ യേശുനാഥൻ, യുഗങ്ങൾക്ക് മുൻപേ കണ്ടവൻ നീ, മേഘവാനിൽ ഞാൻ പറന്നുയരും, യാത്രയോ ബഹുദൂരം, ദൃശ്യങ്ങൾ കൺമറഞ്ഞാലും, എൻ മനമേ നീ സ്വസ്ഥമായിരിക്ക, യേശു എന്നും വഴിനടത്തുന്നോൻ എന്നിങ്ങനെ നാല്പത്തിയഞ്ചിൽ അധികം ഗാനകുസുമങ്ങൾ ജെസ്സിയുടെ തൂലിക തുമ്പിൽ നിന്നും വിരിഞ്ഞു. സ്വർഗ്ഗീയ സുഗന്ധം പരത്തുന്ന ഈ ഗാനങ്ങൾക്ക് ജെസ്സിതന്നെ ഈണം പകർന്ന് ഇരുവരും ചേർന്ന് ആലപിച്ച് ആയിരങ്ങളുടെ ഹൃദയത്തിലെത്തിച്ചു. തങ്ങൾ രചിച്ചതും മറ്റുള്ളവർ രചിച്ചതുമായ ഇരുന്നൂറിലധികം ഗാനങ്ങളുടെ വരികൾക്ക് ജെസ്സി ഈണം പകർന്നിട്ടുണ്ട്. മാറാത്ത സ്നേഹിതൻ, യേശുവേ കൃപയേകണേ, സ്വർഗ്ഗീയ ഒരുക്കം, നാഥാ നിനക്കായ്, സ്വർഗ്ഗീയ കീർത്തനങ്ങൾ, തീയിൽ ശോധന തുടങ്ങി ജെസ്സിയുടെ പാട്ടുകൾ അടങ്ങിയ സി.ഡി. കാസറ്റുകൾ നിരവധിയാണ്. മാത്രമല്ല, മിഴിനീര്, യേശു എന്റെ ഇടയനല്ലോ, ആരുമില്ല എന്നെ കരുതുവാൻ, എൻ നാഥാ, കരുണയിൻ കടലാം, ഉന്നതൻ ക്രിസ്തു, ശോഭിതപുരവാസി, യേശു മതി തുടങ്ങിയ ഗാനങ്ങൾ ഇതിനോടകം സൂപ്പർ ഹിറ്റുകൾ ആണ്.

ക്യാൻസർ വന്ന് ഭാര്യ മരിച്ചുകഴിഞ്ഞപ്പോൾ വേർപാടിന്റെ തീവ്രദുഃഖത്തിൽ ദൈവത്തിൽ ആശ്രയിച്ച് അനുഭവത്തിന്റെ പശ്ചാത്തലത്തിൽ ജോർജ് തോമസ്സ് (കുവൈറ്റ്) രചിച്ച പത്ത് ഗാനങ്ങൾക്ക് ജെസ്സി ഈണം പകർന്ന് പ്രശസ്ത പിന്നണി ഗായകർ ആലപിച്ച സി.ഡി. ഉടർ പുറത്തിറങ്ങുന്നു എന്നതും ശ്രദ്ധേയമാണ്. മലയാള സംഗീത ലോകത്തെ നിരവധി പ്രശസ്തരോടുകൂടെ പ്രവർത്തിക്കുകയും തങ്ങൾ ചിട്ടപ്പെടുത്തിയ ഗാനങ്ങൾ പാടിക്കുകയും ചെയ്തിട്ടുള്ള ജെസ്സിയും സോണയും ഇതിനോടകം പതിനായിരക്കണക്കിന് വേദികളിൽ സംഗീതശുശ്രൂഷ നടത്തിയിട്ടുണ്ട്.

ഇനിയും ധാരാളം വേദികളിൽ പാടണമെന്നും വരികൾക്ക് ഈണം നൽകണം എന്നുമാണ് ഇരുവരുടേയും ആഗ്രഹം. പതിനാലു വർഷങ്ങൾ കഴിഞ്ഞിട്ടും പിരിച്ചുമാറ്റാൻ പറ്റാത്ത അജയ്യ കൂട്ടുകെട്ടായി പുതിയ പദ്ധതികളുമായി നാത്തൂൻസ് യാത്ര തുടരുകയാണ്. പാരാകെ സ്വർഗ്ഗീയ സുഗന്ധം പരത്തുന്ന ഗാനങ്ങളുമായി സംഗീതയാത്ര ചെയ്യുവാൻ സ്വർവ്വേശ്വരൻ ഈ നാത്തൂന്മാർക്ക് ഇടയാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362 / 97
POSTAL REGN.NO. DL 07 / 0138 / 15 - 17
Date of Publication - 5th January 2016
Date of Posting - 7th & 8th of every month
Total Number of pages : 4

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

Price Rs. 3/-

(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

## പരിശുദ്ധാത്മാവിനെ ദുഖിപ്പിക്കരുത്!



പാസ്റ്റർ ജോസ് ശാമുവേൽ
ന്യൂഡൽഹി

**കുണ്ഡലിനി ശക്തി എന്താണ്?**

കുണ്ഡലിനി, ഇന്ദ്രിയങ്ങളുടെ ആഗ്രഹത്തെ അമിതമായി ഉണർത്തുവാൻ കഴിയുന്ന ഒരുതരം പൈശാചിക ശക്തിയാണ്. കുണ്ഡലിനിയുടെ ആത്മാവ് ഒരു മനുഷ്യനിൽ പ്രവേശിച്ചാൽ ആ വ്യക്തി കൂടുതൽ വികാരഭരിതനായി മാറുകയാണ്. ഈ കുണ്ഡലിനി ശക്തി അതിപ്രധാനമായി ഉപയോഗപ്പെടുത്തുന്നത് യോഗയിൽ കൂടിയാണ്.

കുണ്ഡലിനി ശക്തി ഒരു മനുഷ്യനിൽ രംഗപ്രവേശനം നടത്തുമ്പോൾ അവൻ (slaying in spirit) ആത്മവിവശതയിൽ ആകുകയാണ്. കുണ്ഡലിനി ആത്മാവിനാൽ ഒരുവൻ വിവശനാകുമ്പോൾ അവന്റെ അകത്ത് ഒളിഞ്ഞു കിടക്കുന്ന കാമ-ക്രോധ വികാരങ്ങൾ പുറത്തുവരികയാണ്. ആ സമയത്താണ് അവൻ വികാര ചേഷ്ടകൾ പുറത്തുകാണിക്കുന്നത്.

റിച്ചാർഡ് ബൂക്ക്, ഗോപീകൃഷ്ണ എന്നിവരുടെ പഠനത്തിൽ കുണ്ഡലിനി എന്ന ശക്തി ഒരു മനുഷ്യന്റെ മനഃശാസ്ത്രപരമായ വിഷയങ്ങളെ കൈകാര്യം ചെയ്യുവാൻ കഴിയുന്ന ഒരുതരം ദിവ്യശക്തിയാണ് എന്നാണ്. ഈ ശക്തിയാൽ മനുഷ്യന്റെ ശരീരം ദേഹി, ആത്മാവ് എന്നിവയെ സ്വാധീനിക്കുവാൻ കഴിയും.

സ്വാമി ദയാനന്ദ സരസ്വതിയുടെ അഭിപ്രായത്തിൽ കുണ്ഡലിനിയുടെ ശക്തിയാൽ ഒരു മനുഷ്യന്റെ കാമ, മോഹ, മദ, ക്രോധ മാലിന്യങ്ങൾ മറ്റൊരാളിലേക്ക് വളരെ പെട്ടെന്ന് പകരുവാൻ സാധിക്കും. കുണ്ഡലിനി മുഖേന ഇന്ദ്രിയങ്ങളുടെ ആഗ്രഹങ്ങളെ ക്രമേണ വർദ്ധിപ്പിക്കുവാൻ സാധിക്കും. ഈ പരിശീലനത്തിന് ആവശ്യമായ കാര്യങ്ങൾ ഭക്തി, ധ്യാനം, സാധകം എന്നിവയാകുന്നു.

**കുണ്ഡലിനിയും ദൈവാത്മാവും തമ്മിൽ എന്ത് ബന്ധം?**

> കേരളാ പെന്തക്കോസ്തു സഭാചരിത്രത്തിന്റെ താളുകളിൽ ഇടം കിട്ടാതെ പോയ, പെന്തക്കോസ്തു വിശ്വാസത്തിന്റെ നാഴികക്കല്ലുകളായി മാറിയ അനേക പിതാക്കന്മാരുടെ തലമുറ ഇന്നും സത്യസുവിശേഷത്തിനായി നിൽക്കുന്നുണ്ട് എന്നത് മാത്രമാണ് ഒരു ആശ്വാസം. നമ്മുടെ തലമുറ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നവർ ആയി മാറാതിരിക്കാൻ തലമുറകൾക്കായി പ്രാർത്ഥിക്കാം.

വിദേശഇറക്കുമതികളുടെ കച്ചവടകേന്ദ്രമായി നമ്മുടെ ആത്മീയ ലോകം മാറിയിരിക്കുന്നു. കുണ്ഡലിനിയുടെ ആത്മാവ് ശരീരത്തിൽ പ്രവേശിക്കുമ്പോൾ നിലത്ത് വീണ് പാമ്പിനെപ്പോലെ ഇഴയുക, തുള്ളിച്ചാടുക, കൂടുതൽ വികാരഭരിതനാകുക, മരിച്ചവ്യക്തിയെപ്പോലെ ചലനമറ്റ് കിടക്കുക, കൈ തുടയുടെ കീഴിൽ വച്ച് ചുരുണ്ടുകൂടുക എന്നീ ചേഷ്ടകൾ കാണിക്കുന്നു. എന്നാൽ തുറന്നു പറയട്ടെ, ദൈവാത്മാവിന് ഇങ്ങനെയുള്ളവരുമായി യാതൊരു ബന്ധവുമില്ല.

വേദപുസ്തകത്തിൽ സാത്താന്റെ മൂന്ന് വേഷങ്ങളെ വിവരിക്കുന്നുണ്ട്. സർപ്പം, വെളിച്ച ദൂതൻ, അലറുന്ന സിംഹം. സർപ്പം ഉപായത്താൽ ചതിച്ചതുപോലെ ഇന്നത്തെ പുതുതലമുറകളെ ഉപദേശത്തിന്റെ ഓരോ കാറ്റുകളാൽ ഉപായത്താൽ ചതിച്ചുകൊണ്ടിരിക്കുന്നു. ഈ ചതി മനസിലാക്കാതെ അനേകർ അവന്റെ വലയിൽ അകപ്പെട്ടു കൊണ്ടിരിക്കുന്നു.

പിശാച് ഇരുട്ടിന്റെ ആത്മാവും പരിശുദ്ധാത്മാവ് വെളിച്ചത്തിന്റെ ആത്മാവുമാണ്. എന്നാൽ പിശാച് പരിശുദ്ധാത്മാവ് എന്ന വ്യാജേന വേഷം കെട്ടി അരങ്ങ് തകർക്കുകയാണ്. ഇതിനെ വിവേചിച്ചറിയേണ്ടത് ദൈവമക്കളുടെ ഉത്തരവാദിത്വമാണ്. ഒരാൾ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ഓടിച്ചെന്ന് മൈക്ക് പിടിച്ചുപറിക്കുക, എടുത്തു

(ശേഷം മൂന്നാം പേജിൽ)


## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

### സിൽവർ ജൂബിലി നിറവിൽ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമികൾ (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
7. വിശ്വാസി പബ്ലിക്കേഷൻസ്
8. മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

**INDIAN CHRISTIAN MISSION**
**Yash Apartments, Flat no 101, First Floor, 96/E,**
**Ward No: 2, Mehrauli, New Delhi-110030**
**E-mail: icm4india@yahoo.com, Website: www.indianchristianmission.com**


ഉറവ

## സംഗീത ലോകത്തെ നവ്യ നാദമായ് നാത്തൂൻസ്!



ഇവാ. ജോൺ സാമുവൽ
മണക്കാല

പ്രഥമ പരിചയപ്പെടലിൽ തന്നെ ഞങ്ങൾക്ക് ഒരു ഹൃദയബന്ധവും അടുപ്പവും ഉണ്ടായി. നാളുകൾ പലതുകഴിഞ്ഞെങ്കിലും ഇന്നും ആ സൗഹാർദം തുടരുന്നു. ആത്മീയ ശുശ്രൂഷാവേദികളിൽ അനേകശതം കർമ്മധീരരായ യോദ്ധാക്കളെ കണ്ടുമുട്ടുവാൻ സൗഭാഗ്യം ലഭിച്ചിട്ടുണ്ട്. എന്നാൽ അവർക്കിടയിൽ എടുത്തു പറയത്തക്ക ചില പ്രത്യേകതകൾ ഇവരിൽ ഞാൻ കണ്ടു. അതുകൊണ്ടാണ് പ്രീയ വായനക്കാരെ ഇവരെ പരിചയപ്പെടുത്തുവാൻ എന്റെ തൂലിക ചലിപ്പിക്കുവാൻ തയ്യാറായത്.

ബൈബിൾ ചരിത്രം, ക്രിസ്തീയ സഭാ ചരിത്രം എന്നിവ സസൂഷ്മം പാഠ്യവിഷയമാക്കിയാൽ നക്ഷത്രവിളക്കുകൾക്കു തുല്യം ദൈവീക വിഷയങ്ങളിൽ പ്രശോഭിച്ച അനേകം വനിതാരത്നങ്ങളെ ദൃശ്യമാണ്. തീവ്രമായ നൊമ്പരങ്ങളുടെ പശ്ചാത്തലത്തിലും ലക്ഷ്യത്തോടും കൂടിയ കഠിനാദ്ധ്വാനം അണിയറയിൽ നിന്നും അവരെ അരങ്ങത്തെത്തിച്ചു എന്നത് പകൽ വെളിച്ചംപോലെ സത്യമാണ്. മാവേലിക്കര കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പ്രെയ്സ് മെലഡീസ് എന്ന സംഗീത വിഭാഗത്തിന് ശ്ലാഘനീയമായ നിലയിൽ ചുക്കാൻ പിടിക്കുന്ന ജെസ്സിയുടെയും സോണയുടേയും ജീവിതഗാഥയും ഇതിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല.

പിന്നിട്ട ഓരോ ചുവടിനു പിന്നിലും ചോരപ്പാടുകളുടെ ചിതറിയ ചിത്രമുണ്ട്. വൈദ്യശാസ്ത്രം ഫലപ്രദമായിത്തീരാതെ പോയ നീണ്ട വർഷങ്ങൾ, വിസ്മരിക്കവയ്യാത്ത നീറുന്ന നൊമ്പരങ്ങൾ, ഏകാന്തതയുടെയും ഒറ്റപ്പെടലിന്റെയും അന്യമായ സ്നേഹത്തിന്റെയും മുമ്പിൽ മരണം പുൽകാൻ കൊതിച്ച നിമിഷങ്ങൾ, ഈ ജന്മം പാഴായ്പോയോ എന്ന് ചിന്തിച്ച് മനസ്സുതുറന്ന് ചിരിക്കാനോ ഒന്നു കരയാൻപോലുമോ ആകാതെ മരവിച്ചുനിന്ന അവസരങ്ങൾ, എങ്ങോട്ടെന്നില്ലാതെ എല്ലാറ്റിൽ നിന്നും ഓടിയൊളിക്കാൻ മുൻപോട്ടു വച്ച കാലുകൾ.... ഇങ്ങനെ സകല സ്വപ്നങ്ങളും തകർന്ന് മണ്ണടിയേണ്ട സാഹചര്യത്തിലും ജെസ്സിയും സോണയും നിശ്ചയദാർഢ്യത്തോടെ മുന്നേറുവാൻ തയ്യാറെടുപ്പ് നടത്തി. ഇരുമെയ്യാണെങ്കിലും ഒരുമനമായ് കരങ്ങൾ കോർത്ത് ചുവടുകൾ വയ്ക്കുവാനും പാടുവാനും ആരംഭിച്ചു.

തുടർന്നിങ്ങോട്ട്, ഉരകല്ലിൽ ഉരച്ചു മിനുസപ്പെടുത്തിയ തനിതങ്കത്തിന് തുല്യം ആത്മീക സംഗീത ശുശ്രൂഷാവേദികളിൽ നിറസാന്നിദ്ധ്യമായി വർത്തമാന കാലത്ത് അവർ ശോഭിക്കുന്നു. വ്യക്തിപരമായി ഇരുവരെയും പരിചയപ്പെടുവാനും അഗ്നിശോധനകളുടെ അനുഭവസാക്ഷ്യം ശ്രവിക്കാനും എനിക്ക് കഴിഞ്ഞിട്ടുണ്ട്. ഈറനണിഞ്ഞ കണ്ണുകളോടെ ഗദ്ഗദകണ്ഠരായി പങ്കുവച്ച ചങ്കുപിളർക്കുന്ന ജീവിത ക്ലേശങ്ങളും അതിലുപരി അനുഭവിച്ചറിഞ്ഞ ദൈവീക കരുതലിൻ കരവും വിവരിച്ചെഴുതുവാൻ പരിമിതികൾ ഇവിടെ അനുവദിക്കുന്നില്ല.

പക്ഷിയുടെ ഇരുചിറകുകൾ പോലെ ഒരുമിച്ചെപ്പോഴും സംഗീതം കൈമുതലാക്കി ഇരുചക്രവാഹനത്തിൽ ദ്രുതഗതിയിൽ പായുന്ന ഇരുവരും പരക്കെ അറിയപ്പെടുന്ന അപരനാമമാണ് നാത്തൂൻസ്. മാവേലിക്കര അറുനൂറ്റിമംഗലം പനച്ചവിളയിൽ വീട്ടിലെ അവിവാഹിതയായ ജെസ്സിയുടെ ഏക സഹോദരൻ ഷിബുവിന്റെ ജീവിത പങ്കാളിയാണ് സോണ. അതുകൊണ്ട് തന്നെ അപരനാമം അവർക്ക് അനുഗ്രഹപ്രദമായി പരിണമിച്ചു. അനേകരുടെ നാവിലൂടെ മാത്രമല്ല ഇവരുടെ വാഹനത്തിന്റെ പുറകിലും ചുവന്നയക്ഷരത്തിൽ ഞാൻ വായിച്ചു നാത്തൂൻസ്.

ഇരുവരും സംഗീതം പഠിച്ചിട്ടില്ല. സംഗീത ഉപകരണങ്ങൾ ഒന്നുപോലും ഉപയോഗിക്കുവാൻ പ്രവീണ്യവും ഇല്ല. പക്ഷെ വരികൾക്ക് ഈണം പകരാനും വെടിപ്പായി പാടാനും അനേകരെക്കൊണ്ട് ഏറ്റു പാടിക്കാനും ഒരു വിശിഷ്ട സിദ്ധി സർവ്വകൃപാലുവായവൻ പകർന്നു നൽകിയത് ഭാഗ്യകരമാണ്. 2003- സംഗീതലോകത്തേക്കുള്ള തുടക്കത്തിന്റെ വർഷമായിരുന്നു. വാക്കുകൾക്കതീതമായ തീവ്രമായ നൊമ്പരങ്ങൾ അനുഭവിച്ച സമയത്ത് മനമുരുകി പ്രാർത്ഥിച്ചു. നുരഞ്ഞു പൊന്തുന്ന വീര്യമുള്ള ശുദ്ധവീഞ്ഞുപോലെ ഉള്ളിൽ നിന്നും ചില വാക്കുകൾ ഉയർന്നൊഴുകി എത്തി. മനസ്സിൽ പതിഞ്ഞ പദങ്ങൾ കടലാസിൽ കോറിയിട്ടു.

നഷ്ടങ്ങൾ ഏറിയാലും
സാഗരം പോൽ ജീവിതം ഇളകിയാലും
അനാഥയാക്കില്ല
മറക്കുകയില്ലിനി
മൃത്യുവന്നെന്നാലും ഭയപ്പെടുകയില്ല....

(ശേഷം മൂന്നാം പേജിൽ)

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442